# 2018-19 സാമ്പത്തീക വർഷത്തിൽ ശമ്പള വരുമാനക്കാരൻ എങ്ങിനെ വരുമാന നികുതി കാണണം

ഈ സാമ്പത്തീക വർഷത്തിൽ (2018 April മുതൽ 2019 March 31 വരെ) **ലഭിക്കാൻ പോകുന്ന** ശമ്പളമടക്കമുള്ള എല്ലാ വരുമാനവും ഊഹിച്ചെടുത്തു, അനുവദനീയമായ ഇളവുകൾക്ക് ശേഷം അത് മാസ ഗഡുക്കളായി ശമ്പള പിടുത്തമായി അടക്കാൻ (TDS) ഓരോ ജീവനക്കാരനും ബാധ്യസ്ഥനാണ്.

2018 ഏപ്രിൽ ഒന്ന് മുതൽ 2019 മാർച്ച് 31 വരെയുള്ള വരുമാനം കണക്കാക്കിയാണ് നികുതി അടക്കേണ്ടതെന്നു നേരത്തെ പറഞ്ഞുവല്ലോ, എന്നാൽ പൊതുവേ ജീവനക്കാരൻറെ 2018 എപ്രിലിൽ ലഭിക്കുന്ന വേതനം 2018 മാർച്ചിൽ ചെയ്ത ജോലിയുടെതാണല്ലോ അതുപോലെ 2019 മാർച്ചിൽ വാങ്ങുന്ന വേതനം 2019 ഫെബ്രുവരിയിൽ ചെയ്ത ജോലിയുടെതുമായിരിക്കും അതുകൊണ്ട്തന്നെ കാലഘട്ടത്തെ പുനർവ്യാഖ്യാനം ചെയ്ത് '2018 മാർച് മുതൽ 2019 ഫെബ്രുവരി വരെയുള്ള ശമ്പളത്തിന്റെ' എന്നാക്കി മാറ്റി ചിലർ. വ്യാഖ്യാനം എന്തായാലും 2018 ഏപ്രിൽ ഒന്നുമുതൽ 2019 മാർച്ച് 31 വരെ കിട്ടാൻ പോകുന്ന വരുമാനതുകയും നിക്ഷേപ തുകയും അല്ലാതെ മറ്റൊന്നും കണക്കുകൂട്ടലുകൾക്കിടയിൽ കയറിപ്പോകാതെയും വിട്ടുപോകാതെയും നോക്കേണ്ടതുണ്ട്. മറ്റൊരു കാര്യം ജീവനക്കാരൻ നികുതി നൽകേണ്ടത് തന്റെ ശമ്പള വരുമാനം മാത്രം നോക്കിയല്ല മറിച്ച് ശമ്പളമടക്കമുള്ള എല്ലാ വരുമാനവും ചേർത്ത തുകയിന്മേലാണ്. അതിനായി അയാൾ തന്റെ ഊഹവരുമാനത്തിന്റെ വിശദാംശങ്ങൾ മുഴുവൻ ഉൾപ്പെടുത്തി അതിൽ നിന്നും നിലവിലുള്ള നിയമപ്രകാരം കുറക്കാവുന്ന ഇളവുകളും കുറച്ചു നികുതി കണക്കാക്കി, തുടർ മാസങ്ങളിൽ തൻറെ ശമ്പളത്തിൽ നിന്നും നിശ്ചിത തുക വീതം TDS ആയി പിടിച്ചുകൊള്ളൂ എന്ന് പറഞ്ഞു മേലധികാരിക്കു സമർപ്പിക്കുന്ന രേഖയാണ് Anticipated Income tax statement. ഇതിനു ഒരു നിർദ്ദിഷ്ട ഫോർമാറ്റ് ഇല്ല എന്നതാണ് ഖേദകരം. അതുകൊണ്ട് തന്നെ പല ദിക്കുകളിലും പല അവതാരങ്ങളായി അവൻ ജന്മമെടുക്കും. വരുമാനത്തെ 5 തലക്കെട്ടുകളിലാണ് ഉൾപ്പെടുത്തേണ്ടത്.

1. ശമ്പള വരുമാനം
2. വീട് വാടകക്കു നൽകി ലഭിക്കുന്ന വരുമാനം
3. കച്ചവടത്തിൽ നിന്നോ പ്രൊഫഷനൽ തൊഴിലിൽ നിന്നോ ഉള്ള വരുമാനം
4. മൂലധന വർധന വരുമാനം
5. മറ്റു ഉറവിടങ്ങളിൽനിന്നുള്ള വരുമാനം.

babuvadukkumchery.blogspot.in

മേൽ പറഞ്ഞ വരുമാനങ്ങളെല്ലാം ചേർത്ത് അതിൽ നിന്നും അനുവദനീയമായ എല്ലാ കിഴിവുകളും കുറച്ച് ബാക്കി വരുന്ന വരുമാനത്തെ ടാകസബിൾ ഇൻകം എന്ന് പറയാം. സാങ്കേതികമായി അതിനു ടോട്ടൽ ഇൻകം എന്നും പേരുണ്ട്. ടോട്ടൽ എന്നാൽ ഗ്രോസ് അല്ലാ എന്നും മറിച്ച് കിഴിവുകൾക്ക് ശേഷമുള്ളത് എന്നും തിരുത്തി ചിന്തിക്കാതെ നിവർത്തിയില്ല. ഈ ടോട്ടൽ വരുമാനം 2.5 ലക്ഷത്തിൽ താഴെയാണെങ്കിൽ ഇത്തവണ നികുതി നൽകേണ്ടതില്ല. എന്നാൽ പരിധി കടന്നാൽ ചുവടെ കാണുന്ന രീതിയിൽ നികുതി കണക്കാക്കണം. നികുതി നിരക്കുകളിൽ ഈ വർഷവും മുൻ നിരക്കുകളിൽ നിന്നും മാറ്റമൊന്നും കാണാൻ കഴിയില്ല

**2018-19 ലെ വരുമാന നികുതി നിരക്കുകൾ**

| Ordinary Citizens | Senior Citizens (60-79Age group) | Super Senior Citizens (Age 80 or above) |
|---|---|---|
| Upto Rs. 2,50,000 - Nil | Upto Rs. 3,00,000 - Nil | Upto Rs. 5,00,000 - Nil |
| 2,50,000 To 5,00,000 - 5% | 3,00,000 To 5,00,000 - 5% | 5,00,000 To 10,00,000 - 20% |
| 5,00,000 To 10,00,000-20% | 5,00,000 To 10,00,000 - 20% | Above 10,00,000 - 30% |
| Above 10,00,000 - 30% | Above 10,00,000 - 30% | |

ഒരുവന്റെ ടാക്സബിൾ വരുമാനം 3.5 ലക്ഷം കടക്കാത്ത സാഹചര്യത്തിൽ നികുതിയിൽനിന്നും നേരിട്ട് പരമാവധി 2500 രൂപ വരെ കുറക്കാൻ 87-A റിബേറ്റ് പ്രകാരം കഴിയും (ചുവടെ വിശദീകരണമുണ്ട് )

നികുതി സ്റ്റേറ്റ്മെന്റ് ന്റെ ഒരു കരട് രൂപം ചുവടെ കാണിച്ചിരിക്കുന്നു. അവയുടെ വിശദീകരണങ്ങളും താഴെ നൽകുന്നുണ്ട്.

| Sl No | Particulars | Amount |
|---|---|---|
| 1 | SALARY INCOME<br>(ശമ്പള രൂപത്തിൽ എല്ലാ വരുമാനവും അടക്കം) | XXXX |
| 2 | LESS ALLOWANCE EXEMPTED | XXXX |
| 3<br>4 | LESS PROFESSION TAX<br>LESS STANDARD DEDUCTION (New proposal) | XXXX<br>-40000 |
| 4 | ADD OTHER INCOMES :-<br>(Income from house property, Profits from business or earnings from Profession, Capital Gain, Other source Income.) | XXXX |

| | | |
|---|---|---|
| 5 | GROSS TOTAL INCOME (1-2-3+4) | XXXX |
| 6 | LESS CHAPTER VI A DEDUCTIONS :-<br>1. 1.5 ലക്ഷം വരെ ഇളവ് ലഭിക്കുന്ന നിക്ഷേപങ്ങളും ചെലവുകളും (80C, 80CCC, 80CCD വകുപ്പിൽ വരുന്നവ)<br>2. 1.5 ലക്ഷം രൂപക്ക് മേലെ ഇളവ് ലഭിക്കുന്ന നിക്ഷേപങ്ങളും ചെലവുകളും | XXXX |
| 7 | TOTAL INCOME OR TAXABLE INCOME (5-6) | XXXX |
| 8 | INCOME TAX(Rebate, Relief, Cess എന്നിവയ്ക്ക് മുൻപ്) | XXXX |
| 9 | LESS 87-A Rebate (3. 5 ലക്ഷം വരെ ടാക്സബിൾ വരുമാനമുള്ളവർക്ക് മാത്രം, പരമാവധി 2500 രൂപ) | XXXX |
| 10 | Add Education Cess (4%) /Surcharge | |
| 11 | Less 89(1) Relief for Arrears of salary | |
| 12 | Total Tax due (8-9+10-11) | |
| 13 | LESS TDS from salary (already deducted), Other income TDS | XXXX |
| 14 | LESS ADVANCE TAX PAID (Tax paid directly through bank) | XXXX |
| 15 | BALANCE OF TAX DUE (as TDS from February Salary) (12-13-14) | XXXX |

1. SALARY INCOME

ഇതിൽ അടിസ്ഥാന ശമ്പളവും എല്ലാ DA അടക്കമുള്ള എല്ലാവിധ അലവൻസുകൾ, ലീവ് സറണ്ടർ, ഉത്സവ ബത്ത, ബോണസ്, പണമായി ലഭിച്ചതും PF ൽ ഉൾപ്പെടുത്തിയതുമായ വിധ കുടിശ്ശികകൾ (പലിശ ഒഴികെ), ജീവനക്കാരന്റെ പേരിൽ തൊഴിൽ ദാദാവ് അടച്ച NPSഫണ്ടുകൾ, മറ്റ Perquisits എന്നിവ ഉൾപ്പെടുന്നു.

Medical reimbursement: ഒരു ജീവനക്കാരന് തൻറെയോ കുടുംബാങ്ങളുടെയോ പേരിലുള്ള ചികിത്സാ ചിലവ് വന്നതിനു മെഡിക്കൽ റീ ഇമ്പെഴ്സ്മെന്റ് ലഭിച്ചിട്ടുണ്ടെങ്കിൽ അത് നികുതി വിധേയമാണ്. മുൻ വർഷങ്ങളിൽ ഇതിനു 15000 രൂപ വരെ ഇളവ് അനുവദിച്ചിരുന്നെങ്കിലും ഇപ്പോൾ റീ ഇമ്പെഴ്സ്മെന്റ് ലഭിച്ച മുഴുവൻ തുകയും നികുതി കാണുന്നതിനായി പരിഗണിക്കണം

2. LESS ALLOWANCE EXEMPTED

ശമ്പളത്തിന്റെ ഭാഗമായി ലഭിക്കുന്ന ചില അപൂർവ്വം അലവൻസുകൾക്ക് വരുമാനനികുതി ഇളവു നൽകുന്നുണ്ട്. അവ ചുവടെ :-

| നമ്പർ | അലവൻസ് | SEC | ഇളവ് കിട്ടുന്ന തുക |
|---|---|---|---|
| 1 | HRA | 192 | വാടക വീട്ടിൽ താമസിക്കുന്നവർക്ക് മാത്രം. താഴെ കൊടുത്തിട്ടുള്ള മൂന്ന് |

| | | | |
|---|---|---|---|
| | | | തുകകളിൽ ഏറ്റവുംചെറിയ തുക ഏതാണോ, അത് കുറവ് ചെയ്യാം.<br><br>○ യഥാർത്ഥത്തിൽ ഈ വർഷം വാങ്ങിയ വീട്ടുവാടക ബത്ത<br>○ അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും കൂടി കൂട്ടിയ തുകയുടെ 10 ശതമാനത്തിനേക്കാൾ കൂടുതലായി നൽകിയ വാടക<br>○ അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും കൂടി കൂട്ടിയ തുകയുടെ 40 ശതമാനം വരുന്ന തുക.<br><br>പലപ്പോഴും രണ്ടാമത് പറഞ്ഞ തുക പൂജ്യമായി വരും. ആ സാഹചര്യത്തിൽഇളവൊന്നുംലഭിക്കില്ല. ചുരുക്കിപ്പറഞ്ഞാൽ വാർഷീക ശമ്പളത്തിന്റെ (Pay+Da) 10% നുമേൽ ഒരാൾ വാടക നൽകുന്നില്ലെങ്കിൽ ഈ ഇളവ് ലഭിക്കില്ല.ഇളവ് ലഭിക്കാൻ സാധാരണ ഗതിയിൽ ഒരു ഡിക്ളറേഷൻ എഴുതി നൽകിയാൽ മതിയെങ്കിലും പലപ്പോഴും വാടക രസീത് ആവശ്യപ്പെടാറുണ്ട്. |
| 2 | Travelling Allowance | 10 (14)(i) | വാങ്ങിയ അലവൻസ് പൂർണ്ണമായും ചെലവാകുന്നു എന്ന ഊഹത്തിൽ (*) പൂർണ്ണമായും ഇളവ് ലഭിക്കും |
| 3 | Daily Allowance | “ | (*) പൂർണ്ണമായും ഇളവ് ലഭിക്കും |
| 4 | Conveyance Allowance/ | “ | ഈ വർഷം ഇളവ്വ ലഭ്യമല്ല |
| 5 | Academic Allowance | “ | (*) പൂർണ്ണമായും ഇളവ് ലഭിക്കും |
| 6 | Uniform Allowance | “ | (*) പൂർണ്ണമായും ഇളവ് ലഭിക്കും |
| 7 | Hill ccompensatoryAllowance | 10 (14)(ii) | മാസം 300 രൂപ വച്ച് ഇളവ് ഉണ്ട് |

| | | | |
|---|---|---|---|
| 8 | Children Education Allowance | “ | മാസം ഒരു കുട്ടിക്ക് 100 രൂപ വച്ച് ഇളവ്പരമാവധി 2 കുട്ടികൾക്ക് |
| 9 | Transport Allowance | “ | ഈ വർഷം ഇളവ് ലഭ്യമല്ല |
| 10 | Transport Allowance/ Conveyance Allowance to Physically disabled employees | “ | മാസം തോറും1600 രൂപ വച്ച് (2015 ഏപ്രിൽ 1മുതൽ വർദ്ധിപ്പിച്ചു) |

മുകളിൽ പറഞ്ഞിട്ടുള്ള ഓരോ അലവന്സുകൾക്കുള്ള ഇളവുകളും അത്തരം അലവൻസ് വാങ്ങുന്നവർക്ക് മാത്രം ബാധകമാണ്. കിട്ടിയ അലവൻസോ ഇളവായി പറയുന്ന സംഖ്യയോ ഏതാണ് കുറവെങ്കിൽ അതാണ് കുറക്കാൻ പരിഗണിക്കേണ്ടത്.

3. LESS PROFESSION TAX Section 16(iii)

തൊഴിൽ നികുതിയിനത്തിൽ നൽകിയ തുക പൂർണ്ണമായും വരുമാനത്തിൽനിന്നും കുറക്കാവുന്നതാണ്.

4. LESS STANDARD DEDUCTION

ഈ വർഷം പുതുതായി ചേർക്കപ്പെട്ട പ്രത്യേക കിഴിവാണ് ഇത്. നാൽപ്പതിനായിരം രൂപ ഇത് പ്രകാരം ശമ്പള വരുമാനത്തിൽനിന്നും നേരിട്ട് കുറയ്ക്കാം.

5. ADD OTHER INCOMES :-

a) Income from House property (Housing loan interest) വീട് വാടകക്ക് നൽകിക്കൊണ്ട്ഒരു വ്യക്തി വരുമാനമൊന്നും നേടുന്നില്ലെങ്കിലും ഹൌസിംഗ് ലോൺ എടുത്തവർക്ക് ഈ ഇളവ് പ്രയോജനപ്പെടും. സ്വന്തം താമസത്തിനുപയോഗിക്കുന്ന വീട് വാങ്ങിക്കുന്നതിനോ നിർമ്മിക്കുന്നതിനോ അംഗീകൃത ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോൺ എടുത്തിട്ടുണ്ടെങ്കിൽ ആ ലോണിന് പലിശയിനത്തിൽ നൽകിയിട്ടുള്ള തുക Income from House property എന്ന തലക്കെട്ടിൽനഷ്ടമായി(minus figure) കാണിക്കണം. (1999

ഏപ്രിൽ 1 ന് മുമ്പ് എടുത്ത ലോണാണെങ്കിൽ പരമാവധി 30,000 രൂപയും അതിന് ശേഷം എടുത്ത ലോണാണെങ്കിൽ പരമാവധി 2,00,000 രൂപ വരെയും കിഴിവ് അനുവദിക്കും. എന്നാൽ ലോൺ എടുത്ത് 3 വർഷത്തിനകം നിർമ്മാണം പൂർത്തിയായിരിക്കണം എന്ന നിബന്ധനയുണ്ട്.)

അതേസമയം മേൽ കാണിച്ച ഇളവിന് പുറമേ 2016-17 വർഷത്തിൽ Housing loan എടുത്തവർക്ക് മാത്രമായി 80.ഇഇ – 24-ബി വകുപ്പ് പ്രകാരം ഈ വർഷം പുതുതായി ഒരു ഇളവു കൂടെ വസൂലാക്കാം. സ്വന്തം താമസത്തിന് വേണ്ടി വാങ്ങിക്കുന്ന വീടിനായി എടുക്കുന്ന ലോണിൻറെ പരമാവധി 50,000 രൂപ വരെയുള്ള പലിശ(മേൽ പറഞ്ഞ 2 ലക്ഷം ഇളവിന് പുറമേ ) ഈ വകുപ്പിൽ കുറയ്ക്കാം. ലോൺ അനുവദിക്കുന്ന തിയതിൽ സ്വന്തം പേരിൽ വേറെ വീട് ഉണ്ടായിരിക്കാൻ പാടില്ല. വീടിന്റെ വില 50 ലക്ഷത്തിൽ കവിയാൻ പാടില്ല, ആദ്യമായി വീട് വാങ്ങിക്കുന്ന/ പണിയുന്ന ആൾ ആകേണ്ടതുണ്ട്. ലോൺ തുക 35 ലക്ഷത്തിൽ കൂടാൻ പാടില്ല. ഇങ്ങനെ Housing loan പലിശയിനത്തിൽ പരമാവധി രണ്ടര ലക്ഷം വരെ ഇളവ് ഒപ്പിക്കാം.

b) Profits from business or earnings from Profession വ്യാപാര പ്രവർത്തനങ്ങളിലൂടെ നേടിയ ലാഭം ഈ തലക്കെട്ടിൽ ഉൾപ്പെടുന്നു. ഡോക്ടർമാർ അടക്കമുള്ള പ്രൊഫഷൻ വരുമാനം നേടുന്നവർ തങ്ങളുടെ മാസ ശമ്പളത്തിന് പുറമേ ലഭിക്കുന്ന സ്വകാര്യ പ്രാക്ടീസ് വരുമാനവും ഉൾപ്പെടുത്തേണ്ടത് ഇവിടെ തന്നെ.

c) Capital Gain സ്വത്തുക്കൾ വിൽപ്പന നടത്തുമ്പോൾ മൂലധന വർദ്ധനവിലൂടെ ലഭിക്കുന്ന ലാഭമാണ് ഇത്. അനുവദനീയമായ ഇളവുകൾക്കു ശേഷമുള്ള തുക ഈ തലക്കെട്ടിൽ വരുമാനമായി ഉൾപ്പെടുത്തണം

d) Other source Income മേൽപ്പറഞ്ഞ തലക്കെട്ടുകൾക്ക് പുറത്തുവരുന്ന വരുമാനം ഈ തലക്കെട്ടിൽ വരുന്നു. പൊതുവെ ഈ വിഭാഗത്തിൽ വരുന്നവ ചുവടെ

**നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ/Dividend** :സ്ഥിര നിക്ഷേപങ്ങൾ (FD/ Time deposit ) ൽനിന്നും നേടിയ പലിശ, അത് എത്ര ചെറുതാണെങ്കിലും പൂർണ്ണമായും വരുമാനത്തിൽ ഉൾപ്പെടുത്തണം. ഇവിടെ പലപ്പോഴും പലിശ വാങ്ങുന്ന സമയത്ത് നമ്മളിൽനിന്നും 10% നികുതി പിടിച്ചാണ് തരികയെങ്കിൽ പോലും നികുതി പിടിച്ചിട്ടില്ലെങ്കിൽ ലഭിചേക്കുമായിരുന്ന പലിശ വരുമാനമായി കാണിക്കണം. ബാങ്കുകാർ പലിശയിനത്തിൽ പിടുങ്ങിയ തുക പിന്നീട് TDS already made എന്ന പേരിൽ നികുതിയിൽ നിന്നും കുറക്കാവുന്നതാണ്.(13 - നമ്പരിൽവിശദീകരിക്കുന്നുണ്ട്)

സേവിംഗ്സ് ബാങ്ക് നിക്ഷേപത്തെ സംബധിച്ചിടത്തോളം പലിശയിനത്തിൽ ലഭിക്കുന്ന തുകയുടെ പതിനായിരത്തിനു മേൽ വരുന്ന തുക മാത്രമേ നികുതി വിധേയമാകുന്നുള്ളു. എന്നാൽ പലരും SB Accountൽ MOD option (Multi Option Scheme) സൗകര്യം ഉൾപ്പെടുത്തി ഒരു വിഹിതം FD നിക്ഷേപമായി മാറ്റുന്നുണ്ടായിരിക്കും. അത്തരം സാഹചര്യത്തിൽ MOD യിലേക്ക് മാറ്റപ്പെട്ട തുകയുടെ പലിശ അത് എത്ര ചെറുതാണെങ്കിലും വരുമാനമായി ഉൾപ്പെടുത്തണം.

'മുതിർന്ന പൌരന്മാരെ' സംബന്ധിച്ചിടത്തോളം ഇത്തവണ ആശ്വാസത്തിന് വകയുണ്ട്. അവർക്ക് തങ്ങളുടെ എല്ലാ പലിശ വരുമാനവും (FD, RD, SB etc) ചേർത്തു, അതിൽ നിന്നും 50000 രൂപ കിഴിച്ചതിനു ശേഷമുള്ള തുക മാത്രമേ Other source Income ആയി പരിഗണിക്കേണ്ടതുള്ളൂ

**Family Pension:** ഒരു ജീവനക്കാരൻ തന്റെ കുടുംബത്തിനു ലഭിക്കുന്ന Family Pensionന്റെ നിയമപരമായ അവകാശി (legal heir) ആണെങ്കിൽ അതും അയാളുടെ വരുമാനമായി കാണിക്കേണ്ടത് ഈ തലക്കെട്ടിലാണ്. വകുപ്പ് 57(iia) പ്രകാരം Family Pensionനു ഇളവ് (standard deduction) ലഭിക്കും.അതായത് കിട്ടിയ Family Pensionൻറെ 1/3 ഭാഗമോ 15000 രൂപയോ ഏതാണ് കുറവെങ്കിൽ അത് ഇളവാണ്. അതിനു മുകളിലുള്ള തുക വരുമാനമായി വരും.

Pay revision Arrear Interest: ഇത്തവണ സർക്കാർ ജീവനക്കാർക്ക് ലഭിച്ച pay revision കുടിശ്ശികയിൽ പലിശ ഉൾപ്പെട്ടിട്ടുണ്ടായിരിക്കും. ഇതിനെ ശമ്പള വരുമാനം എന്ന ഹെഡിൽ അല്ല ഉൾപ്പെടുത്തേണ്ടത് . അതായത് ശമ്പള ദാദാവ് നൽകുന്ന തുകയാണെങ്കിലും അതിന്റെ പേരിന്റെ തലക്കെട്ട് Other source Income എന്നായിരിക്കും .

## 5 GROSS TOTAL INCOME

ഇങ്ങനെ മേൽ പറഞ്ഞ ക്രമനമ്പരുകൾ 1-2-3+4 എന്ന രീതിയിൽ കണക്കു കൂട്ടിയെടുക്കുന്ന തുകയാണ് GROSS TOTAL INCOME

## 6 LESS CHAPTER VI A DEDUCTONS:-

അടുത്തത് വരുമാനത്തിൽ നിന്നും കാര്യമായ തോതിൽ ഇളവു നേടാൻ അവസരം നൽകുന്ന നിക്ഷേപങ്ങളുടെയും ചിലവുകളുടെയും കാര്യമാണ്. ഈ വിഭാഗത്തിലെ ഇളവുകളെ സൌകര്യാർത്ഥം 1.5 ലക്ഷം വരെ ഇളവ് ലഭിക്കുന്നവ, 1.5 ലക്ഷത്തിനു മേൽ ഇളവു ലഭിക്കുന്നവ എന്ന് രണ്ടായി തിരിക്കാം.

| No. | Section | Details | Deduction |
|---|---|---|---|
| **പരമാവധി 1.5 ലക്ഷം രൂപ വരെ ഇളവ് ലഭിക്കുന്നവ.** ചുവടെ 1 മുതൽ 11 വരെയുള്ളവയിലെ നിക്ഷേപത്തിൻറെ മൊത്തം തുകയോ അതോ ഒന്നര ലക്ഷമോ ഏതാണ് കുറവെങ്കിൽ അതാണ് ഇളവ് ലഭിക്കുക | | | |
| 1 | 80 c | Provident Fund പ്രാവിഡന്റ് ഫണ്ടിൽ നിക്ഷേപിച്ച തുക (വായ്പയിലേക്കുള്ള തിരിച്ചടവ് ഉൾപ്പെടുത്തരുത് ) | പരമാവധി ഒന്നര ലക്ഷം രൂപ വരെ ഇളവു ലഭിക്കും |
| 2 | 80 c | Life Insurance Premium (Life Insurance Premium സ്വകാര്യ കമ്പനികളുടെയും LIC , Postal life insuranceഎന്നിവയും ഉൾപ്പെടുത്താം. ഇണ, മക്കൾ എന്നീ പേരിൽ ഉള്ളവക്കും ബാധകം . (പ്രീമിയം തുക അതതു പോളിസിയുടെ Capital sum assuredന്റെ 20% കവിയരുത്. 2012 ഏപ്രിൽ 1 നു ശേഷമെടുത്ത പോളിസികൾക്ക് ഇത് 10% ആക്കി പരിമിതപ്പെടുത്തി) | |
| 2 | 80 c | SLI, FBS, GIS, GPAIS തുടങ്ങിയവ | |
| 3 | 80 | National Savings Certificate (NSC), നിക്ഷേപങ്ങൾ പോസ്റ്റ് ഓഫീസിൽ നിന്ന് | |

| | | | |
|---|---|---|---|
| | c | ലഭിക്കും. സ്വന്തം പേരിലാണ് നിക്ഷേപിക്കേണ്ടത്. | |
| 4 | 80 c | Tax saving FD ബാങ്കുകളിലും പോസ്റ്റാഫീസുകളിലും ലഭിക്കുന്ന പ്രത്യേക '5 വർഷ ടാക്സ് സേവിംഗ് നിക്ഷേപങ്ങൾ' [സ്വന്തം പേരിലുള്ളത്] എല്ലാ ഫിക്സഡ് നിക്ഷേപങ്ങളും 'ടാക്സ് സേവിംഗ് നിക്ഷേപങ്ങൾ' അല്ല | |
| 5 | 80 c | Ulip, അംഗീകൃത മ്യൂച്ചൽ ഫണ്ടിലും, ഷെയറുകളിലും ഡിബഞ്ചറുകളിലുംനിക്ഷേപിച്ച തുക. സ്വന്തം പേരിലാണ് നിക്ഷേപിക്കേണ്ടത്. | |
| 6 | 80 c | Housing Loan Principal repayment വീട് നിർമ്മാണത്തിന്/ വാങ്ങലിനു എടുത്ത ലോണിന്റെ മുതലിലേക്കുള്ള തിരിച്ചടവ് (പലിശ അടവ് ഇവിടെകാണിക്കരുത്). ഈ ആവശ്യത്തിലേക്ക് The stamp duty, registration fee, other expensesഎന്നിവക്കും ഇളവ് ലഭിക്കും. വീട് റിപ്പയർ ആവശ്യങ്ങൾക്ക് എടുത്ത ലോണിനു ഈ ആനുകൂല്യം ലഭിക്കില്ല . ഇവിടെ പ്രോപ്പർട്ടിയുടെ ഉടമസ്ഥാവകാശം ഉള്ളവർക്ക് മാത്രമാണ് ഇളവിന് അർഹതയുള്ളത്. ലോൺ സ്വന്തം പേരിലും പ്രോപ്പർട്ടി ഇണയുടെ പേരിലും ആണെങ്കിൽ ഇളവ് ലഭിക്കില്ല. | |
| 7 | 80 c | Tuition \|Fee for Children പരമാവധി രണ്ട് കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് വേണ്ടി അംഗീകൃത സ്ഥാപനത്തിൽ നൽകിയ മുഴുവൻ സമയ കോഴ്സിൻറെ ട്യൂഷൻ ഫീസ്. (ഡൊണേഷൻ,ഡവലപ്മെന്റ് ഫീസ്, കാപിറ്റേഷൻ ഫീ എന്നിവ പരിഗണിക്കില്ല) തെളിവായി സ്ഥാപനത്തിൽ നിന്നുള്ള റസിപ്റ്റ് നൽകുക | |
| 8 | 80 c | Sukanya Samridhi നിക്ഷേപ പദ്ധതി. ജീവനക്കാരൻറെ പേരിലോ പെൺമക്കളുടെ പേരിലോ ആകാം. ആശ്രിതരായ പെണ്കുട്ടികളുടെ പേരിലും നിക്ഷേപിക്കാം. | |
| 9 | 80c | PPF പബ്ലിക്ക് പ്രോവിഡന്റ് ഫണ്ട് (പോസ്റ്റാഫീസുകളിലും ബാങ്കുകളിലും ലഭിക്കുന്നു ) സ്വന്തം/ ഇണ / മക്കളുടെ പേരിൽ നിക്ഷേപിക്കാം. | |
| 10 | 80c cc | Life Insurance Pension scheme ലയ്ഫ് ഇൻഷ്വറൻസ് പെൻഷൻ സ്കീം. സ്വന്തം പേരിലുള്ളത് | |
| 11 | 80c cd | സ്വന്തം പേരിലുള്ള NPSനിക്ഷേപങ്ങൾ ജീവനക്കാരൻറെ വിഹിതമായി അടക്കുന്ന തുകക്ക് ഇളവ് ലഭിക്കും. (നിക്ഷേപം ഒന്നര ലക്ഷം കവിഞ്ഞാൽ പോലും കൂടുതാലായി വരുന്ന അമ്പതിനായിരം രൂപ വരേക്കും ഉള്ള തുകക്ക് 80CCD(1B) പ്രകാരം ഇളവുണ്ട്.) തൊഴിൽ ദാദാവ് അടക്കുന്ന വിഹിതം ഇതിൽ ഉൾപ്പെടുത്തരുത്. അത് ആദ്യം വരുമാനത്തിൽ ഉൾപ്പെടുത്തി പിന്നീട് മറ്റൊരു വകുപ്പ് **80CCD(2)**പ്രകാരം ഇളവിന് പരിഗണിക്കും) | |
| **1.5 ലക്ഷം രൂപക്കുമേൽ ഇളവ് ലഭിക്കുന്നവ** | | | |
| 12 | 80CCD(1B) | ഒരു ജീവനക്കാരൻറെ മേൽ വിവരിച്ച 80C, 80CCC വകുപ്പ് പ്രകാരമുള്ള നിക്ഷേപങ്ങൾ ഒന്നര ലക്ഷം കവിയുന്നപക്ഷം മാത്രമേ ഈ വകുപ്പ് ഫലത്തിൽ വരുന്നുള്ളൂ. സ്വന്തം പേരിലുള്ള NPS നിക്ഷേപങ്ങളിൽ ജീവനക്കാരൻറെ വിഹിതമായി അടക്കുന്ന | |

| | | | |
|---|---|---|---|
| | | അമ്പതിനായിരം വരെയുള്ള തുകക്ക് ഇളവ് ലഭിക്കും. ചുരുക്കിപ്പറഞ്ഞാൽ NPS നിക്ഷേപങ്ങളിൽ സ്വന്തം വിഹിത അടവിന് ഒന്നര ലക്ഷത്തിനു പുറമേ അൻപതിനായിരം രൂപ കൂടെ ചേർത്ത് മൊത്തം രണ്ടു ലക്ഷം രൂപ നികുതി ഇളവു ലഭിക്കും | |
| 13 | 80CCD(2) | സ്വന്തം പേരിലുള്ള NPS നിക്ഷേപങ്ങളിൽ തൊഴിൽ ദാദാവിന്റെ വിഹിതമായി അടക്കുന്ന തുക (Employer contribution) ആദ്യംവരുമാനത്തിൽ perquisites എന്ന പേരിൽ ഉൾപ്പെടുത്തിയതിനുശേഷം വകുപ്പ് 80CCD(2) പ്രകാരം പിന്നീട് കുറയ്ക്കുകയാണ് വേണ്ടത്. അതായത് ആദ്യം ഗ്രോസ് ശമ്പളം വർദ്ധിപ്പിക്കുകയും പിന്നീട് ഇളവായി കുറച്ചുകാണിക്കുകയും ചെയ്യണം. | |
| 14 | 80D | Medical Insurance Premium (Mediclaim) പദ്ധതികളിൽ പ്രീമിയം അടക്കുമ്പോൾ ലഭിക്കുന്ന ഇളവാണ് ഇത്. ഇണ, ആശ്രിതരായ മക്കൾ എന്നിവരുടെ പേരിലുൾപ്പെടെ എടുത്തതിനു 25000 രൂപ വരെ (ജീവനക്കാരൻ 60 വയസ്സിനു മുകളിലാണെങ്കിൽ 50000 രൂപ വരെ) ഇളവ് ലഭിക്കും. ഇതിനു പുറമേ മാതാപിതാക്കളുടെ പേരിൽ പ്രീമിയം അടച്ചാൽ മറ്റൊരു 25000 രൂപ വരെയും (അവർ 60 വയസ്സിനു മുകളിലാണെങ്കിൽ 50000 രൂപ വരെ) ഇളവു ലഭിക്കും. ഇത് നിക്ഷേപ പദ്ധതിയല്ല, മുടക്കിയ പണം തിരികെ ലഭിക്കില്ല. ഈ സന്ദരഭത്തിൽ ആനുകൂല്യം നേടാൻ പണമടക്കുന്നത് കാഷ് രൂപത്തിലാവരുത്. കാഷ് രൂപത്തിൽ പണമടച്ചവർ ഇപ്പോൾ ഫെബ്രുവരിമാസത്തിൽ ഇളവിന് അപേക്ഷിക്കാതെ പിന്നീട് ജൂലായ് മാസത്തിൽ റിട്ടേൺ സമർപ്പിക്കുമ്പോൾ റീ ഫണ്ട് ആയി ആനുകൂല്യം നേടുകയാണ് വേണ്ടത്. കൂടാതെ preventive medical checkup exp എന്ന പേരിൽ സ്വന്തം പേരിലോ ഇണ, മക്കളുടെ പേരിലോ ചിലവാക്കുന്ന തുകക്ക് 5000 രൂപ വരെ ഇളവു ലഭിക്കും. ചെലവ് കാഷ് ആയി നൽകുന്നത് തടസ്സമാകുന്നില്ല . കൂടാതെ preventive medical checkup expഎന്ന പേരിൽ മാതാ പിതാക്കളുടെ പേരിൽ ചിലവാക്കുന്ന തുകക്ക് 5000 രൂപ വരെ ഇളവു ലഭിക്കും. ചെലവ് കാഷ് ആയി നൽകുന്നത് തടസ്സമാകുന്നില്ല | |
| 15 | 80DD | Treatment of dependent with disability ശാരീരികമായോ, മാനസികമായോ അംഗവൈകല്യം സംഭവിച്ച(Blindness, Low vision • Leprosy-cured • Hearing impairment • Loco motor disability • Mental retardation • Mental illness • Autism • Cerebral palsy • Multiple disabilities)നികുതിദായകനെ ആശ്രയിച്ച് കഴിയുന്ന ആശ്രിതരുടെ (spouse, child, parents, brother /sister)പരിപാലനത്തിനുവേണ്ടിയോ ചികിത്സാ ചെലവിനായോ (medical treatment, training, rehabilitation )വിനിയോഗിക്കാൻ.<br><br>വൈകല്യം 40 ശതമാനം മുതൽ 80 ശതമാനം വരെയാണെങ്കിൽ പരമാവധി 75,000 രൂപ. 80 ശതമാനത്തിൽ കൂടുതലാണെങ്കിൽ പരമാവധി 1.25 ലക്ഷം രൂപ ഇളവു ലഭിക്കും.ലഭ്യമായ ഇളവിന് തുല്യമായ തുക ചെലവാക്കണമെന്നു നിബന്ധനയില്ല | |

| | | | | |
|---|---|---|---|---|
| | | സ്ഥിരമായവൈകല്യമുണ്ടെന്ന്(40%ത്തിൽകുറയാത്ത) സ്ഥാപിക്കപ്പെട്ടവരുടെ മേൽപ്പറഞ്ഞ ആവശ്യത്തിലേക്കായി അംഗീകരിക്കപ്പെട്ട LIC, UTIപ്രത്യേക പദ്ധതിയിൽ പണം നിക്ഷേപിച്ചിട്ടുണ്ടെങ്കിലും മേൽപ്പറഞ്ഞ ഇളവ് ലഭിക്കും.central or state government medical board ന്റെdisability certificate കോപ്പി (10 IA)സമർപ്പിക്കേണ്ടതുണ്ട് | |
| 16 | 80DD B | Medical Expense for specified diseases ജീവനക്കാരനോ ആശ്രിതനോ ഗുരുതരരോഗങ്ങളായ Dementia ; Dystonia Musculorum Deformans ;Motor Neuron Disease ;Ataxia ;Chorea ;Hemiballismus ;Aphasia ;Parkinsons Disease ;Malignant Cancers ; AIDS ;Chronic Renal failure ;Hemophilia ;Thalassaemia,.തുടങ്ങിയ രോഗങ്ങൾ ഉണ്ടെങ്കിൽ അതിനായി ചെലവാക്കിയ തുകക്ക് ചുവടെ കാണും വിധം ഇളവ് ലഭിക്കും.യാഥാർത്ഥ ചിലവ് അല്ലെങ്കിൽ Rs.40000 ഏതാണ് കുറവെങ്കിൽ ഇളവ് ലഭിക്കും. Form-10-I സമർപ്പിക്കണം. senior citizenനു ഇളവ് പരമാവധി Rs. 100000 വരെയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 10-I Certificate ബന്ധപ്പെട്ട ഫിസിഷ്യനിൽനിന്നും/ സ്പെഷ്യലിസ്റ്റിൽനിന്ന് വാങ്ങിയിരിക്കണം . Govt. ഡോക്ടറുടെ സർട്ടിഫിക്കറ്റ് ആകണമെന്ന് നിർബന്ധമില്ല. ചിലവാക്കിയിയ തുകയോ അനുവദനീയമായ ചെലവോ ഏതാണ് കുറവെങ്കിൽ അതാണ് ഇളവായി ലഭിക്കുക. ആശ്രിതർ എന്നാൽ (spouse, child, parents,brother/ syster)എന്നിവരുൾപ്പെടുന്നു<br><br>ഈ ഇളവ് DDO ക്ക് നേരിട്ട് അനുവദിക്കുവാൻ പാടില്ലാത്തതായി കാണുന്നു. അതിനാൽ ഇളവില്ല എന്ന രീതിയിൽ നികുതിയടച്ച് പിന്നീട് റിട്ടേൺ സമർപ്പിക്കുമ്പോൾ റീഫണ്ട് ആയി വാങ്ങാവുന്നതാണ്. | |
| 17 | 80E | EDUCATION LOAN INTEREST തന്റെയോ ആശ്രിതരുടെയോ (ഇണ മക്കൾ) ഹയർസെക്കൻഡറിക്കുശേഷമുള്ള ഉന്നത വിദ്യാഭ്യാസ ആവശ്യത്തിന് (ഇന്ത്യക്ക് അകത്തോ പുറത്തോ ആകാം)വേണ്ടി അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള എഡ്യൂക്കേഷൻ ലോണിന്റെ പലിശയിനത്തിലേക്ക് തൻറെ വരുമാനത്തിൽ നിന്നും അടച്ച തുക, എത്ര വലുതായാലും ഇളവായി ലഭിക്കും. ലോൺ എടുത്ത് 8 വർഷത്തിനുള്ളിൽ ഉള്ള തിരിച്ചടവ് ആയിരിക്കണം, പലിശക്ക് മാത്രമേ ഇളവുള്ളൂ മുതലിന്റെ തിരിച്ചടവിന് ഇളവില്ല. | |
| 18 | 80 G | DONATIONS ജീവനക്കാരൻ തന്റെ സംഭാവന employerലൂടെ നൽകുകയാണെങ്കിൽ ആ തുകക്ക് (50% മുതൽ 100% വരെ) ഇളവായി DDO ക്ക് അനുവദിക്കാം(ഉദാ: Prime minister's Relief fund, Earth quake fund). എന്നാൽ ജീവനക്കാരൻ നേരിട്ട് ചാരിറ്റബിൾ സംഘടനകൾക്ക് നൽകുന്ന സംഭാവനകൾക്ക് ഇളവുണ്ടാകാമെങ്കിലും അത് DDO ക്ക് അനുവദിക്കാൻ നിർവ്വാഹമില്ല. ആ സംഭാവന നടത്തിയിട്ടില്ലാത്ത രീതിയിൽ ഇപ്പോൾ നികുതിയടച്ച് പിന്നീട് റിട്ടേൺ സമർപ്പിക്കുമ്പോൾ റീഫണ്ട് ആയി വാങ്ങാവുന്നതാണ് | |

| | | | |
|---|---|---|---|
| 19 | 80GGC | Donation to Political Party: Representation of the People Act-ലെ വകുപ്പ് പ്രകാരം അംഗീകരിക്കപ്പെട്ടിട്ടുള്ള രാഷ്ട്രീയ പാർട്ടികൾക്ക് നൽകിയ സംഭാവനക്ക് ഇളവുണ്ട്. പക്ഷേ ഈ ഇളവ് DDO ക്ക് അനുവദിക്കാൻ നിർവ്വാഹമില്ല. ആ സംഭാവന നടത്തിയിട്ടില്ലാത്ത രീതിയിൽ ഇപ്പോൾ നികുതിയടച്ച് പിന്നീട് റിട്ടേൺ സമർപ്പിക്കുമ്പോൾ റീഫണ്ട് ആയി വാങ്ങാവുന്നതാണ് | |
| 20 | 80 U | BLIND & DIFFERENTLY ABLED ഈ ഇളവുblindness,Hearing impaired, Mental retradation, Mental illness, low vision, Locomotors disability. എന്നീ അംഗപരിമിതികൾ ഉള്ള ജീവനക്കാർക്കുള്ളതാണ്. 75000 രൂപയുടെ ഇളവ് (40% ൽ കുറയാത്ത പരിമിതി ഉള്ളവർക്കും) / 1.25രൂപയുടെ ഇളവ് 80% നു മേലെ പരിമിതി ഉള്ളവർക്കുമാണ്. മെഡിക്കൽ ബോർഡിന്റെ കാലാവധി തീരാത്ത സർട്ടിഫിക്കറ്റ് ഹാജരാക്കണം | |

## 7 TOTAL INCOME OR TAXABLE INCOME

വരുമാന നികുതിയുടെ കണക്കു കൂട്ടലുകളിൽ വളരെ പ്രാധാന്യമേറിയ ഒരു പദമാണ് ടോട്ടൽ ഇൻകം അഥവാ ടാക്സബിൾ ഇൻകം. മുകളിൽ വ്യക്തമാക്കിയതുപോലെ ഗ്രോസ് വരുമാനത്തിൽനിന്നും ചാപ്റ്റർ 6 എന്ന പേരിൽ വിശേഷിപ്പിക്കുന്ന കിഴിവുകൾ എല്ലാം കുറച്ചതിന് ശേഷമുള്ള തുകയാണ് ഇത്. ഇതിനെ അടിസ്ഥാനപ്പെടുത്തി നികുതി കണ്ടെത്തുന്നു.

## 8 INCOME TAX (87-A Rebateനു മുൻപ്)

മുകളിൽ കാണിച്ചിരിക്കുന്ന പട്ടികയിലെ നിരക്ക് പ്രകാരം വരുമാനനികുതി കണ്ടെത്താം. ടാകസബിൾ ഇൻകം 2.5 ലക്ഷം കവിയാത്തവർക്ക് നികുതി ഇല്ല.

## 9 LESS 87-A Rebate

പൊതുവേ താഴ്ന്ന വരുമാനത്തിൽപ്പെട്ടവർക്ക് നികുതിയിൽ നിന്നും നേരിട്ട കുറക്കാൻ കഴിയുന്ന ആശ്വാസക്കിഴിവാണ് ഇത്. നടപ്പ വർഷവും ഈ ആനുകൂല്യം ലഭിക്കും. ഒരു ജീവനക്കാരന്റെ ടാകസബിൾ ഇൻകം മൂന്നര ലക്ഷത്തിനു മുകളിൽ പോയിട്ടില്ലെങ്കിൽ റിബേറ്റ്ന്റെ ആനുകൂല്യം ലഭിക്കും (കഴിഞ്ഞ വർഷം ഈ പരിധി 5 ലക്ഷമായിരുന്നു. നികുതി സംഖ്യയോ 2500 രൂപയോ ഏതാണ് കുറവെങ്കിൽ അതാണ് ഇളവായി ലഭിക്കുക (കഴിഞ്ഞ വർഷം ഇത് 5000 രൂപ ആയിരുന്നു). തുടർന്നു പറയാൻ പോകുന്ന സെസ്സും സർച്ചാർജ്ജും വരുമാനനികുതിയോടു ചേർക്കുന്നതിനു മുൻപ് 87-Aറിബേറ്റ് കുറക്കേണ്ടതുണ്ട്.

## 10 Add Education Cess /Surcharge

87-Aറിബേറ്റിന് ശേഷമുള്ള നികുതിയുടെ കൂടെ ടാക്സിന്റെ 4% സെസ്സും കൂടെ ചേർത്താൽ ഒരു വ്യക്തി നൽകേണ്ട നികുതി ബാധ്യതയായി. ഒരു കോടിക്ക് താഴെ Taxable Income ഉള്ളവർക്ക് Surcharge ഇല്ല.

11 Less 89(1) Relief for Arrears of salary

ശമ്പള കുടിശ്ശിക വാങ്ങിയതുമൂലം നികുതിഭാരം ഉണ്ടാകുന്ന സാഹചര്യത്തിൽ പ്രയോജനപ്പെടുത്താവുന്ന വകുപ്പാണിത്. കാലാ കാലങ്ങളിൽ കിട്ടേണ്ടിയിരുന്ന ശമ്പളം നമ്മുടേതല്ലാത്ത കാരണത്താൽ വൈകിക്കിട്ടിയതിനാൽ ഒരാൾക്ക് നടപ്പ് വർഷം കനത്ത നികുതി ബാധ്യത വന്നേക്കാം. അതേസമയം അത് കാലാ കാലങ്ങളിൽ തന്നെ കിട്ടിയിരുന്നെങ്കിൽ അന്ന് അടച്ചുപോരുമായിരുന്നന്ന നികുതിയും വൈകിക്കിട്ടിയതിനാൽ ഇന്ന് ഒരുമിച്ച് അടക്കേണ്ടിവരുന്ന നികുതിയും താരതമ്യം ചെയ്ത്, ജീവനക്കാരന് അനുകൂലമാകും വിധം, ഇപ്പോൾ നൽകേണ്ടി വരുന്ന അധിക നികുതിക്ക് കിഴിവ് നൽകുക എന്നതാണ് ഇതിൻറെ തത്വം. 10 E Form എന്ന നമ്പറിലുള്ള ഫോമുകൾ തയ്യാറാക്കി വേണം ഈ ആശ്വാസം വാങ്ങാൻ. ഇത് സംബന്ധമായ കൂടുതൽ വായനക്ക് ഇവിടെ ക്ലിക്ക് ചെയ്യുക

12 Total Tax due after Rebate, cess, Relief

മേൽ പറയും വിധം കൂട്ടിയും കുറച്ചും ഒരാൾ നടപ്പ് വർഷത്തിൽ നൽകേണ്ട മൊത്തം നികുതിബാധ്യത കണ്ടെത്തുന്നു.

13 LESS TDS from salary, Other income TDS

മൊത്തം നികുതി തുകയിൽ നിന്നും ശമ്പളത്തിലൂടെയും പലിശ വരുമാനം വാങ്ങുമ്പോഴും മറ്റും പിടിച്ച TDS തുക കുറക്കണം.

13 LESS ADVANCE TAX PAID (Tax paid directly through bank)

ചില അപൂർവ്വം സാഹചര്യങ്ങളിൽ ശമ്പളത്തിൽ നിന്നും നികുതി പിടിക്കാത്ത നമ്മൾ നേരിട്ട് ബാങ്കിൽ ചലാൻ മുഖേന നികുതി നൽകിയിട്ടുണ്ടാകാം. ഇതാണ് അഡ്വാൻസ് ടാക്സ്. TDSനെ പലരും തെറ്റിദ്ധരിച്ച് അഡ്വാൻസ് ടാക്സ് എന്ന പേരിൽ വിളിക്കാറുണ്ട്. എന്നാൽ അവ തമ്മിലുള്ള വ്യത്യാസം വളരെ വ്യക്തമാണ്. വരുമാനത്തിൽ നിന്നും പിടിച്ച് വച്ച നികുതിയാണ് TDS, നമ്മൾ നേരിട്ടടക്കുന്ന നികുതിയാണ്അഡ്വാൻസ് ടാക്സ്.

14 BALANCE OF TAX DUE (as TDS from February Salary)



babuvadukkumchery.blogspot.in

മൊത്തം നികുതിബാധ്യതയിൽനിന്നും TDS, അഡ്വാൻസ് ടാക്സ് എന്നിവ കുറച്ചാൽ ഫെബ്രുവരിമാസം നമ്മൾ അവസാന ഗഡുവായി നൽകേണ്ട നികുതി തുക കണ്ടെത്താം. ഈ തുക മാർച്ച് മാസം വാങ്ങുന്ന ശമ്പളത്തിൽനിന്നും TDSആയി പിടിച്ച് ബാക്കി തുകയാണ് കൈയ്യിൽ കിട്ടുക.

Footnote:

Date of preparation : 11-3-2018 (തുടർന്നുള്ള ദിവസങ്ങളിൽ ഈ കുറിപ്പ് വിപുലപ്പെടുത്തി തയ്യാറാക്കുന്നതാണ്)

Visit : http://babuvadukkumchery.blogspot.in/

babuvadukkumchery.blogspot.in